# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| നവംബർ | |
|---|---|
| NOVEMBER **15** | **2021** |



## ശബരിമല പത്രക്കുറിപ്പ്-2

ഫോൺ : 04735-202664

www.sabarimal.kerala..gov.in, prdsabarimala2021@gmail.com

---

### ശബരിമല സുരക്ഷയൊരുക്കി കേരള പോലീസ്; ആദ്യസംഘം സന്നിധാനത്ത് ചുമതലയേറ്റു

മണ്ഡല-മകരവിളക്ക് ഉത്സവത്തോടനുബന്ധിച്ച് ശബരിമല സന്നിധാനത്തിന്റെ സുരക്ഷാ ചുമതലയുള്ള കേരള പോലീസിന്റെ ആദ്യസംഘം ചുമതലയേറ്റു. ശബരിമല പോലീസ് ചീഫ് കോ-ഓർഡിനേറ്റർ എഡിജിപി എസ്. ശ്രീജിത്ത് നിലയ്ക്കൽ, പമ്പ, സന്നിധാനം എന്നിവിടങ്ങളിലെ പോലീസ് വിന്യാസം വിലയിരുത്തി. വലിയ നടപ്പന്തലിൽ നടന്ന ചടങ്ങ് സന്നിധാനത്തെ പോലീസ് സ്പെഷ്യൽ ഓഫീസറും എസ്പിയുമായ എ. പ്രേം കുമാർ ഉദ്ഘാടനം ചെയ്തു. പോലീസ് ഉദ്യോഗസ്ഥർ കോവിഡ് മാനദണ്ഡങ്ങൾ പാലിക്കണമെന്നും ദർശനത്തിന് വരുന്ന ഭക്തർക്ക് യാതൊരുവിധ ബുദ്ധിമുട്ടും സൃഷ്ടിക്കരുതെന്നും കോവിഡ് ജാഗ്രത നിർദേശങ്ങൾ നൽകണമെന്നും അദ്ദേഹം പറഞ്ഞു.

സന്നിധാനത്തും പരിസരത്തുമായി 680 പോലീസ് ഉദ്യോഗസ്ഥരെയാണ് സുരക്ഷയ്ക്കായി വിന്യസിച്ചിരിക്കുന്നത്. സ്പെഷ്യൽ ഓഫീസർ എ. പ്രേം കുമാർ, അസിസ്റ്റന്റ് സ്പെഷ്യൽ ഓഫീസർ ഡിവൈഎസ്പി പി.കെ. സന്തോഷ് എന്നിവരുടെ നേതൃത്വത്തിലാണ് സന്നിധാനത്ത് പോലീസ് സേന സേവനം അനുഷ്ഠിക്കുക.

580 സിവിൽ പോലീസ് ഓഫീസർമാർ, എസ്പി റാങ്കിലുള്ള ഒരു ഉദ്യോഗസ്ഥൻ, ആറ് ഡിവൈഎസ്പിമാർ, 50 എസ്ഐ/എഎസ്ഐമാർ, 15 സിഐമാർ എന്നിവരാണ് ഇന്നലെ ചുമതലയേറ്റത് ആദ്യസംഘത്തിന്റെ കാലാവധി 15 ദിവസം പൂർത്തിയാകുമ്പോൾ പുതിയ ഉദ്യോഗസ്ഥർ ചുമതലയേൽക്കും. കേരള പോലീസിന്റെ കമാൻഡോ വിഭാഗം, സ്പെഷ്യൽ ബ്രാഞ്ച്, വയർലസ് സെൽ തുടങ്ങിയ വിഭാഗങ്ങളിൽ നിന്നുള്ള ഉദ്യോഗസ്ഥർ സേവനം അനുഷ്ഠിക്കുന്നു ്. തീർഥാടകരുടെ തിരക്ക് കൂടുന്നതനുസരിച്ച് വരും ദിവസങ്ങളിൽ ഡ്യൂട്ടിക്കെത്തുന്ന പോലീസുകാരുടെ എണ്ണത്തിലും വർധനയു ാകും. ഇതിനെല്ലാം പുറമേ സുരക്ഷാ നിരീക്ഷണത്തിന്റെ ഭാഗമായി സന്നിധാനത്ത് 76 സിസിടിവി കാമറകളും സ്ഥാപിച്ചിട്ടു ്.

(പി.ആർ. ശബരി-2)


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.